അവിവാഹിതരായ അമ്മമാരുടെ മക്കളുടെ ജാതി നിർണ്ണയം

116 [2273] ശ്രീ. ലൂഡി ലൂയിസ്:
ശ്രീമതി മേഴ്സി രവി:
ശ്രീ. വി. ഡി. സതീശൻ;
ഡോ. എം. എ. കുട്ടപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

മിശ്രവിവാഹിതരുടെ മക്കളുടെ ജാതി അവരുടെ അച്ഛന്റെ ജാതിയായിരിക്കുമെന്ന ഉത്തരവനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗങ്ങളിൽപ്പെടുന്ന അവിവാഹിത അമ്മമാരുടെ മക്കളുടെ ജാതി എപ്രകാരം നിർണ്ണയിക്കുമെന്ന് പറയുമോ?

ഉത്തരം

കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ 21-5-1977-ലെ 39/37/73-SCT-1-ാം നമ്പർ സർക്കുലർ പ്രകാരം അവിവാഹിത അമ്മമാരുടെ മക്കളുടെ ജാതി മാതാവിന്റെ ജാതിയായി പരിഗണിക്കപ്പെടുന്നുണ്ട്.

മിശ്രവിവാഹിതരുടെ കുട്ടികളുടെ ജാതി സർട്ടിഫിക്കറ്റ്

117 [2284] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ;
ശ്രീ. കെ. രാധാകൃഷ്ണൻ:
,, എം. പ്രകാശൻ മാസ്റ്റർ:
,, എം. വി. ജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതരുടെ കുട്ടികൾക്ക് ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ആവശ്യപ്പെടുമ്പോൾ അച്ഛന്റെ ജാതിയാണ് രേഖപ്പെടുത്തേണ്ടതെന്ന സർക്കാർ ഉത്തരവ് ഉണ്ടാക്കിയിട്ടുള്ള സാമൂഹിക പ്രത്യാഘാതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഉത്തരവിന് എന്നുമുതലാണ് പ്രാബല്യം നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഉത്തരവിന് മുൻകാലപ്രാബല്യം നൽകുവാൻ ആലോചിക്കുന്നുണ്ടോ;

(ഡി) ഈ ഉത്തരവ് ഉണ്ടാക്കുന്ന സാമൂഹിക പ്രത്യാഘാതം കണക്കിലെടുത്ത് ഇതു സംബന്ധമായ കോടതി വിധിയിൻമേൽ അപ്പീൽ പോകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ബഹു. സുപ്രീം കോടതിയുടെ വിധിന്യായപ്രകാരം ഹൈന്ദവ പാരമ്പര്യ നിയമമനുസരിച്ച് പിതാവിന്റെ ജാതിയാണ് മക്കൾക്ക് അവകാശപ്പെടാനാവുക. പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിലാണ് 22-3-2005-ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ ഉത്തരവിന് 22-3-2005 മുതൽ പ്രാബല്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ബഹു. സുപ്രീം കോടതിയുടെ 659/2003-ാം നമ്പർ സിവിൽ അപ്പീലിൻമേലുള്ള 19-8-2003-ലെ വിധിന്യായത്തിൽ ഹൈന്ദവ പാരമ്പര്യ നിയമമനുസരിച്ച് കുട്ടികൾക്ക് പിതാവിന്റെ ജാതിയാണ് അവകാശപ്പെടാനാവുക എന്ന് വിധിക്കുകയുണ്ടായി. പ്രസ്തുത വിധി അനുസരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ അപ്പീൽ പോകുന്ന കാര്യം ഉദിക്കുന്നില്ല.

സ്വാശ്രയ കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അർഹമായ അലോട്ട്മെന്റ് മാത്രം നൽകാൻ നടപടി

118 [2285] ശ്രീ. സി. പി. മുഹമ്മദ്:
,, കെ. മോഹൻകുമാർ:
,, വർക്കല കഹാർ:
,, വി. ഡി. സതീശൻ:
,, ലൂഡി ലൂയിസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സാമൂഹ്യക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളിലും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും എത്ര പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്;

(ബി) സ്വാശ്രയ എഞ്ചിനീയറിംഗ്/മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മുഴുവൻ ഫീസും സർക്കാർ വഹിക്കുന്നുണ്ടോ;

(സി) ഈ കാരണത്താൽ പട്ടിക ജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ അർഹതയുള്ള സീറ്റിൽ കൂടുതൽ സീറ്റുകളിലേക്ക് അലോട്ട് ചെയ്യുന്നുണ്ടോ;

(ഡി) പട്ടിക ജാതി/പട്ടിക വർഗ്ഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളെ സ്വാശ്രയ കോളേജുകളിലേക്ക് അലോട്ടു ചെയ്യുമ്പോൾ പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർക്കർഹമായ സ്ഥാനത്തേക്കു മാത്രം അലോട്ടു ചെയ്യുന്ന കാര്യത്തിൽ ശ്രദ്ധിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്. സർക്കാർ മെഡിക്കൽ കോളേജുകളിൽ 76 പട്ടിക വർഗ്ഗ വിദ്യാർത്ഥികളും സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ 94 പട്ടിക വർഗ്ഗ വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്.

(ബി) പൊതു പ്രവേശന പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റ് പ്രകാരം ഗവൺമെന്റ് സീറ്റിൽ മെറിറ്റിലും റിസർവേഷനിലും പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിദ്യാർത്ഥികളുടെ ഫീസ് സർക്കാർ വഹിക്കുന്നുണ്ട്.

(സി, ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly